## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :604
## 12.06.2012 - ൽ മറുപടിയ്ക്ക്

### സിഡ്കോ ഏറ്റെടുത്ത കരാർ പ്രവൃത്തികൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.രാജു എബ്രഹാം** | | **ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) സിഡ്കോ കരാർ ജോലികൾ ഏറ്റെടുക്കുന്നുണ്ടോ ? | : | (എ) സിഡ്കോ കരാർ ജോലികൾ ഏറ്റെടുക്കുന്നുണ്ട്. |
| (ബി) നിലവിൽ ഏതെല്ലാം സർക്കാർ വകുപ്പുകളുടെ ഏതെല്ലാം പ്രവൃത്തികൾ സിഡ്കോ കരാർ എടുത്തിട്ടുണ്ട് എന്നും കരാർ വ്യവസ്ഥ പ്രകാരം പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കി കൊടുക്കേണ്ടിയിരുന്ന തീയതിയും, പ്രവൃത്തികളുടെ നിലവിലെ അവസ്ഥയും വിശദമാക്കാമോ ; | : | (ബി) ടൂറിസം, വ്യവസായം, ഡിസ്ട്രിക്റ്റ് പ്ലാനിംഗ് കമ്മിറ്റി, ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ്, ഹോർട്ടികൾച്ചർ തുടങ്ങിയ വകുപ്പുകൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ പ്രവൃത്തികളാണ് സിഡ്കോ ഏറ്റെടുത്ത് നടത്തിവരുന്നത്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന കരാർ ജോലികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) കരാർ പ്രവൃത്തികൾ നേരിട്ട് നിർവ്വഹിക്കുന്നതിന് സിഡ്കോയ്ക്ക് സ്വന്തമായി സംവിധാനങ്ങളുണ്ടോ ; ഇല്ലെങ്കിൽ സിഡ്കോ ഏറ്റെടുക്കുന്ന വർക്കുകൾ എപ്രകാരമാണ് നിർവ്വഹിക്കുന്നതെന്നും, അത് വഴി സിഡ്കോയുടെയും സർക്കാർ വകുപ്പുകളുടേയും നേട്ടം എന്താണെന്നും വിശദമാക്കാമോ ? | : | (സി) ഉണ്ട്. സിഡ്കോയെ ഏൽപ്പിക്കുന്ന പ്രവൃത്തികൾ സെന്റേജ് അടിസ്ഥാനത്തിൽ സിഡ്കോയുടെ നിർമ്മാണ വിഭാഗം പി.ഡബ്ലിയു.ഡി. വ്യവസ്ഥകൾക്കനുസൃതമായി ടെന്റർ ക്ഷണിച്ച് സിഡ്കോയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കരാറുകാർക്ക് കരാർ നൽകി ഉടമ്പടി വച്ച് നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിച്ച് നൽകുന്നു. ഇത്തരം കരാർ പ്രവൃത്തികൾ സിഡ്കോ നിർമ്മാണ വിഭാഗത്തിലെ എഞ്ചിനീയർമാരുടെ മേൽനോട്ടത്തിൽ സമയബന്ധിതമായി പൂർത്തീകരിച്ച് ബന്ധപ്പെട്ട വകുപ്പുകൾ/ സ്ഥാപനങ്ങൾക്ക് കൈമാറുന്നു. മേൽ പ്രവൃത്തികളിൽ നിന്നു ലഭിക്കുന്ന ഒരു നിശ്ചിത സെന്റേജ് ആണ് സിഡ്കോയുടെ വരുമാനം. ഈ വരുമാനത്തിന്റെ ഒരു ഭാഗം ഉദ്യോഗസ്ഥരുടെ വേതനത്തിനും മറ്റ് ആനുകൂല്യങ്ങൾക്കുമായി നൽകിവരുന്നു. സിഡ്കോ ഏറ്റെടുക്കുന്ന പ്രവൃത്തികൾ നിശ്ചിത സമയപരിധിക്കുള്ളിൽ മെച്ചപ്പെട്ട ഗുണമേന്മയോടെയാണ് ചെയ്തു കൊടുക്കുന്നത്. |

സെക്ഷൻ ഓഫീസർ

# സിഡ്കോ ഏറ്റെടുത്തിട്ടുള്ള കരാർ പ്രവൃത്തികളുടെ വിശദവിവരങ്ങൾ

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | വിഭാഗം | സമയ പരിധി | നിലവിലുള്ള അവസ്ഥ |
|---|---|---|---|---|
| | **തിരുവനന്തപുരം ജില്ല** | | | |
| 1. | പാറശ്ശാലയിൽ ടൂറിസം വിശ്രമ സങ്കേത നിർമ്മാണം | ടൂറിസം വകുപ്പ് | 30.06.2012 | 90% പ്രവൃത്തികൾ പൂർത്തിയായി. ടോയ്‌ലെറ്റ്, വിശ്രമകേന്ദ്രം എന്നിവയുടെ പ്രവൃത്തി പൂർത്തിയായി. പ്ലംബിങ്ങും വൈദ്യുതികരണവും പുരോഗമിക്കുന്നു. |
| 2. | കഠിനം കുളം ബാക്ക് വാട്ടർ സർക്യൂട്ടിലുള്ള പ്രവൃത്തികൾ | ടൂറിസം വകുപ്പ് | ദീർഘിപ്പിച്ചു നൽകിയ തിയതി 30.09.2012 | 75% പ്രവൃത്തികൾ പൂർത്തിയായി. സ്ഥലത്തിന്റെ ലഭ്യത പരിമിതയാണ്. |
| | **കൊല്ലം ജില്ല** | | | |
| 3. | അഷ്ടമുടി കായലിലെ പുനരുദ്ധാരണ പ്രവൃത്തികൾ | ടൂറിസം വകുപ്പ് | 13.02.2012 | 30% പ്രവൃത്തികൾ പൂർത്തിയായി. പ്രവൃത്തികൾ പുരോഗമിക്കുന്നു. ദ്രുതഗതിയിൽ പ്രവൃത്തി പൂർത്തിയാക്കാൻ കരാറുകാരന് നോട്ടീസ് അയച്ചിരിക്കുന്നു. |
| | **പത്തനംതിട്ട ജില്ല** | | | |
| 4. | പെരുംതേനരുവിയിലെ ടൂറിസം പദ്ധതികൾ (ഘട്ടം 1) | ടൂറിസം വകുപ്പ് | 06.08.2011 | 80% പ്രവൃത്തികൾ പൂർത്തിയായി. പ്ലംബിങ് പുരോഗമിക്കുന്നു. ദ്രുതഗതിയിൽ പ്രവൃത്തി പൂർത്തിയാക്കാൻ കരാറുകാരന് നോട്ടീസ് അയച്ചിരിക്കുന്നു. പ്രവൃത്തി തീർക്കാൻ അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | | |
|---|---|---|---|---|
| 5. | പെരുംതേനരുവിയിലെ ശബരി ഹെറിട്ടേജ് ടൂറിസം പദ്ധതി, (ഘട്ടം 2) | ടൂറിസം വകുപ്പ് | ഏപ്രിൽ 2012 | 30% ഫൗണ്ടേഷൻ പ്രവൃത്തി പൂർത്തിയായി. ദ്രുതഗതിയിൽ പ്രവൃത്തി പൂർത്തിയാക്കാൻ കരാറുകാരന് നോട്ടീസ് അയച്ചിരിക്കുന്നു. സ്ഥലത്തിന്റെ ലഭ്യത ഒരു പ്രശ്നമാണ്. പ്രവൃത്തി തീർക്കാൻ അടിയന്തിര നടപടികൾ പൂർത്തിയായി വരുന്നു. |
| 6. | ശബരി മല ഇടത്താവളം പദ്ധതി | ടൂറിസം വകുപ്പ് | 03.12.2011. 6 മാസത്തെ കാലാവധി നീട്ടിയിരിക്കുന്നു. | വസ്തു തർക്കം പരിഹരിച്ചു. മാസ്റ്റർ പ്ലാൻ പ്രകാരം പ്ലാൻ മാറ്റി. പൈലിംങ് പ്രവൃത്തി പൂർത്തിയായി. ഡി.റ്റി.പി.സി ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് 4 മാസത്തിനകം പ്രവൃത്തി തീർക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |
| 7. | മണിയാർ ഡാം പരിസരം മോടി പിടിപ്പിക്കൽ, വടശ്ശേരിക്കര | ടൂറിസം വകുപ്പ് | മാർച്ച് 2012 | 65% പ്രവൃത്തി പൂർത്തിയായി. ദ്രുതഗതിയിൽ പ്രവൃത്തി പൂർത്തിയാക്കാൻ കരാറുകാരന് നോട്ടീസ് അയച്ചിരിക്കുന്നു. |
| | **ആലപ്പുഴ ജില്ല** | | | |
| 8. | കോസ്റ്റൽ ഹെറിറ്റേജ് മ്യൂസിയം, പുങ്കാവ് | ടൂറിസം വകുപ്പ് | - | ഭരണാനുമതിക്കുവേണ്ടി വിപുലീകരിച്ച പ്ലാനിനനുസരിച്ചുള്ള എസ്റ്റിമേറ്റ് ടൂറിസ്സം വകുപ്പിന് കൈമാറി. ഭരണാനുമതി ലഭിച്ചിട്ടില്ല. |
| 9. | കലവൂരിലെ ബീറ്റലക്റ്റം പ്ലാന്റിന്റെ നിർമാണം | കെ.എസ്.ഡി.പി വകുപ്പ് | പ്രവൃത്തി പൂർത്തിയായി. | കെ.എസ്.ഡി.പി യിൽ നിന്നും ഒരു വർഷത്തിലധി-കമായി 70 ലക്ഷം രൂപയ്ക്ക് മുകളിൽ ബാക്കി തുക സിഡ്കോയ്ക്ക് ലഭിക്കാനുണ്ട്. |
| | **കോട്ടയം ജില്ല** | | | |
| 10. | കുമരകത്തെ സാംസ്കാരിക കേന്ദ്രത്തിന്റെ നിർമാണം | ടൂറിസം വകുപ്പ് | 23.07.2012 | 50% പ്രവൃത്തി പൂർത്തിയായി. ദ്രുതഗതിയിൽ പ്രവൃത്തി പൂർത്തിയാക്കാൻ കരാറുകാരന് നോട്ടീസ് അയച്ചിരിക്കുന്നു. പ്രവൃത്തി പുരോഗമിക്കുന്നു. |
| 11. | അരുവിക്കുഴിയിലെ നിർമാണ പ്രവർത്തനം | ടൂറിസം വകുപ്പ് | 28.08.2012 | 12% പണി പൂർത്തിയായി. കോളം പണി പുരോഗമിക്കുന്നു. |

| | | | | |
|---|---|---|---|---|
| 12. | കോട്ടൂർ നദിക്കരയിലെ നിർമാണവും മോടിപിടിപ്പി കലും | ടൂറിസം വകുപ്പ് | 08.11.2012 | ഭക്ഷണശാല കല്ലുകെട്ടൽ എന്നീ പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| | **എറണാകുളം ജില്ല** | | | |
| 13. | കടംപ്രയാർ ടൂറിസ്സം പദ്ധതി | ടൂറിസം വകുപ്പ് | 31.01.2012 | നിർമാണം പൂർത്തിയായി. |
| | **തൃശ്ശൂർ ജില്ല** | | | |
| 14. | പീച്ചി ഡാം മോടിപിടിപ്പിക്കൽ | ടൂറിസം വകുപ്പ് | 04.08.2011 | നിർമാണം പൂർത്തിയായി. 90% വൈദ്യുതീകരണം പൂർത്തിയായി. |
| | **പാലക്കാട് ജില്ല** | | | |
| 15. | ഭാരതപ്പുഴയിലെ വെള്ളിയാം കല്ല് റെഗുലേറ്ററിയിലെ പാർക്ക് നിർമാണം | ടൂറിസം വകുപ്പ് | 15.06.2012 | 85% പ്രവൃത്തി പൂർത്തിയായി. |
| | **മലപ്പുറം ജില്ല** | | | |
| 16. | വള്ളിക്കുന്ന് ടൂറിസം പദ്ധതി | ടൂറിസം വകുപ്പ് | 25.02.2010.<br>9 മാസം<br>കാലാവധി നീട്ടി. | ഭൂമി തർക്കം പരിഹരിച്ചുവരുന്നു. പുനർക്രമീകരിച്ച എസ്റ്റിമേറ്റ് തയ്യാറാക്കൽ പുരോഗമിച്ചുവരുന്നു. |
| 17. | നിലമ്പൂർ ഗേറ്റ് വേ നിർമാണം | ടൂറിസം വകുപ്പ് | 17.10.2012 | പദ്ധതിയുടെ ശിലാസ്ഥാപനം 11.02.2012-ൽ നടന്നു. പ്രവൃത്തി കരാറുകാരന് നല്കി. |